പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3586 17.12.2015 - ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

ചോദ്യം | ഉത്തരം
---|---
ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ജെയിംസ് മാത്യൂ<br>ശ്രീ. റ്റി.വി.രാജേഷ് | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനും ചികിത്സക്കുമായി എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) യും (ബി) യും | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഇതിനായി കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശവും കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും അറിയിക്കാമോ ; | | |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പ്രസ്തുത ദുരിത ബാധിതരുടെ പുനരധിവാസത്തിനും ചികിത്സയ്ക്കുമായി എന്തു തുക ചെലവഴിച്ച് ; വ്യക്തമാക്കുമോ ; | (സി) | 2011 മുതൽ നാളിതുവരെയായി 17,27,36,851 രൂപ ചികിത്സയിനത്തിലും മറ്റുമായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം വിതരണം ചെയ്ത വകയിൽ ഇതിനകം 89.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ദുരിതബാധിത മേഖലയിലെ 11 പഞ്ചായത്തുകളിലുമായി ചികിത്സക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ ; എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് അറിയിക്കുമോ ; | (ഡി) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ആവശ്യമായി വരുന്ന മുറയ്ക്ക് സൗജന്യമായി വിദഗ്ദ ചികിത്സ നൽകി വരുന്നുണ്ട്. ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴിയും (ആയുർവേദ ഹോമിയോ വിഭാഗങ്ങൾ ഉൾപ്പടെ) വിദഗ്ധ ചികിത്സ നൽകാനായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴിയുമാണ് ചികിത്സ |

| | | | |
|---|---|---|---|
| | | | നൽകി വരുന്നത്. കൂടാതെ 11 ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗത്തിലെ ഡോക്ടർമാരാണ് മെഡിക്കൽ ടീമിൽ ഉള്ളത്. ആമ്പുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ദുരിതബാധിത മേഖലയിൽ 5 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നു. |
| (ഇ) | ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റിൽ അർഹതയുള്ള നിരവധി പേർ ഉൾപ്പെട്ടിട്ടില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ 4182 പേരടങ്ങിയ ആദ്യ പട്ടികയിൽ ഉൾപ്പെട്ടവരും എന്നാൽ 11 ഗ്രാമപഞ്ചായത്തുകൾക്ക് പുറത്തുള്ളവരുമായ പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ക്യാൻസർ രോഗികൾ, ശാരീരികവൈകല്യം സംഭവിച്ചവർ എന്നിവർക്കു കൂടി മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ഉള്ളതായി ജനപ്രതിനിധികൾ ജില്ലാതല സമിതിയുടെ യോഗത്തിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേഖലാ തല ക്യാമ്പ് നടത്തി ദുരിതബാധിതരുടെ പരാതി പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ